# ഭരണഘടന (നൂറ്റി ആറാം ഭേദഗതി) ആക്റ്റ്, 2023

ഭാരതത്തിന്റെ ഭരണഘടന വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ആക്റ്റ്.

*[2023 സെപ്റ്റംബർ, 28.]*

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിനാലാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

ചുരുക്കപ്പേരും പ്രാരംഭവും.

1. (1) ഈ ആക്റ്റിന് ഭരണഘടന (നൂറ്റി ആറാം ഭേദഗതി) ആക്റ്റ്, 2023 എന്ന് പേര് പറയാവുന്നതാണ്.

(2) ഇത് കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ, വിജ്ഞാപനം മുഖേന നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

239 കക അനുച്ഛേദത്തിന്റെ ഭേദഗതി.

2. ഭരണഘടനയുടെ 239 കക അനുച്ഛേദത്തിന്റെ (2)-ാം ഖണ്ഡത്തിൽ, (ഖ) ഉപഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:-

"(ഖക) ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹിയുടെ നിയമസഭയിൽ വനിതകൾക്കായി സ്ഥാനങ്ങൾ സംവരണം ചെയ്യേണ്ടതാണ്.

(ഖഖ) ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹിയുടെ നിയമസഭയിൽ പട്ടികജാതികൾക്കായി സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങളിൽ മൂന്നിലൊന്നിനോട് കഴിയുന്നത്ര അടുത്തു വരുന്ന ഭാഗം വനിതകൾക്കായി സംവരണം ചെയ്യേണ്ടതാണ്.

(ഖഗ) ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹിയുടെ നിയമസഭയിൽ നേരിട്ടുള്ള തെരഞ്ഞെടുപ്പു വഴി നികത്തപ്പെടേണ്ട ആകെ എണ്ണം സ്ഥാനങ്ങളിൽ (പട്ടികജാതികളിൽപെട്ട വനിതകൾക്കായി സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങളുടെ എണ്ണം ഉൾപ്പെടെ) മൂന്നിലൊന്നിനോട് കഴിയുന്നത്ര അടുത്തു വരുന്ന ഭാഗം, പാർലമെന്റ് നിയമം വഴി തീരുമാനിക്കുന്ന അങ്ങനെയുള്ള രീതിയിൽ വനിതകൾക്കായി സംവരണം ചെയ്യേണ്ടതാണ്.".

പുതിയ അനുച്ഛേദം 330 ക ചേർക്കൽ.

3. ഭരണഘടനയുടെ 330-ാം അനുച്ഛേദത്തിനുശേഷം താഴെപ്പറയുന്ന അനുച്ഛേദം ചേർക്കേണ്ടതാണ്, അതായത്:-

ലോകസഭയിൽ വനിതകൾക്കായി സ്ഥാനങ്ങൾ സംവരണം ചെയ്യൽ.

"330 ക. (1) ലോകസഭയിൽ വനിതകൾക്കായി സ്ഥാനങ്ങൾ സംവരണം ചെയ്യേണ്ടതാണ്.

(2) 330-ാം അനുച്ഛേദത്തിന്റെ (2)-ാം ഖണ്ഡപ്രകാരം സംവരണം ചെയ്തിട്ടുള്ള ആകെ എണ്ണം സ്ഥാനങ്ങളിൽ മൂന്നിലൊന്നിനോട് കഴിയുന്നത്ര അടുത്തു വരുന്ന ഭാഗം പട്ടികജാതികളിലോ പട്ടികഗോത്ര വർഗ്ഗങ്ങളിലോപെട്ട വനിതകൾക്കായി സംവരണം ചെയ്യേണ്ടതാണ്.

(3) ലോകസഭയിലേയ്ക്ക് നേരിട്ടുള്ള തെരഞ്ഞെടുപ്പ് വഴി നികത്തപ്പെടേണ്ട ആകെ എണ്ണം സ്ഥാനങ്ങളിൽ (പട്ടികജാതികളിലും പട്ടികഗോത്ര വർഗ്ഗങ്ങളിലുംപെട്ട വനിതകൾക്കായി സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങളുടെ എണ്ണം ഉൾപ്പെടെ) മൂന്നിലൊന്നിനോട് കഴിയുന്നത്ര അടുത്തു വരുന്ന ഭാഗം വനിതകൾക്കായി സംവരണം ചെയ്യേണ്ടതാണ്.".

പുതിയ അനുച്ഛേദം 332 ക ചേർക്കൽ.

4. ഭരണഘടനയുടെ 332-ാം അനുച്ഛേദത്തിനുശേഷം താഴെപ്പറയുന്ന അനുച്ഛേദം ചേർക്കേണ്ടതാണ്, അതായത്:-

സംസ്ഥാനങ്ങളിലെ നിയമസഭകളിൽ വനിതകൾക്കായി സ്ഥാനങ്ങൾ സംവരണം ചെയ്യൽ.

"332 ക. (1) ഓരോ സംസ്ഥാനത്തെയും നിയമസഭകളിൽ വനിതകൾക്കായി സ്ഥാനങ്ങൾ സംവരണം ചെയ്യേണ്ടതാണ്.

(2) 332-ാം അനുച്ഛേദത്തിന്റെ (3)-ാം ഖണ്ഡപ്രകാരം സംവരണം ചെയ്തിട്ടുള്ള ആകെ എണ്ണം സ്ഥാനങ്ങളിൽ മൂന്നിലൊന്നിനോട് കഴിയുന്നത്ര അടുത്തു വരുന്ന ഭാഗം പട്ടികജാതികളിലോ പട്ടികഗോത്ര വർഗ്ഗങ്ങളിലോപെട്ട വനിതകൾക്കായി സംവരണം ചെയ്യേണ്ടതാണ്.

(3) ഓരോ സംസ്ഥാനത്തെയും നിയമസഭയിൽ നേരിട്ടുള്ള തെരഞ്ഞെടുപ്പ് വഴി നികത്തപ്പെടേണ്ട ആകെ എണ്ണം സ്ഥാനങ്ങളിൽ (പട്ടികജാതികളിലും പട്ടികഗോത്ര വർഗ്ഗങ്ങളിലുംപെട്ട വനിതകൾക്കായി സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങൾ ഉൾപ്പെടെ ) മൂന്നിലൊന്നിനോട് കഴിയുന്നത്ര അടുത്തുവരുന്ന ഭാഗം വനിതകൾക്കായി സംവരണം ചെയ്യേണ്ടതാണ്.".

പുതിയ അനുച്ഛേദം 334 ക ചേർക്കൽ.

5. ഭരണഘടനയുടെ 334-ാം അനുച്ഛേദത്തിനുശേഷം താഴെപ്പറയുന്ന അനുച്ഛേദം ചേർക്കേണ്ടതാണ്, അതായത്:-

വനിതകൾക്കായി സംവരണം ചെയ്ത സ്ഥാനങ്ങൾ പ്രഭാവത്തിൽ വരുന്നത്.

"334 ക. (1) ഈ ഭാഗത്തിലെയോ VIII-ാം ഭാഗത്തിലെയോ മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെയായിരുന്നാലും , ലോകസഭയിലും ഒരു സംസ്ഥാനത്തെ നിയമസഭയിലും ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹിയുടെ നിയമസഭയിലും വനിതകൾക്കായി

സ്ഥാനങ്ങൾ സംവരണം ചെയ്തത് സംബന്ധിച്ച ഭരണഘടനയുടെ വ്യവസ്ഥകൾ, 2023-ലെ ഭരണഘടന (നൂറ്റിയാറാം ഭേദഗതി) ആക്ട്, 2023-ന്റെ പ്രാരംഭത്തിന്റെ പ്രസിദ്ധീകരണത്തിനു ശേഷം ആദ്യ കാനേഷുമാരിയുടെ പ്രസക്തമായ കണക്കുകൾ എടുത്തതിനുശേഷവും ഈ ആവശ്യത്തിനായി അതിർത്തി നിർണ്ണയിക്കൽ പ്രവൃത്തി ഏറ്റെടുത്തതിനു ശേഷവും പ്രഭാവത്തിൽ വരുന്നതും അങ്ങനെയുള്ള പ്രാരംഭത്തിന്റെ പതിനഞ്ച് വർഷക്കാലയളവ് അവസാനിക്കുമ്പോൾ പ്രഭാവം ഇല്ലാതായിത്തീരുന്നതുമാണ്.

(2) 239 കക, 330 ക, 332 ക എന്നീ അനുച്ഛേദങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ലോകസഭയിലും ഒരു സംസ്ഥാനത്തെ നിയമസഭയിലും ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹിയുടെ നിയമസഭയിലും വനിതകൾക്കായി സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങൾ, പാർലമെന്റ് നിയമം വഴി തീരുമാനിക്കുന്ന അങ്ങനെയുള്ള തീയതി വരെ തുടരേണ്ടതാണ്.

(3) ലോകസഭയിലും ഒരു സംസ്ഥാനത്തെ നിയമസഭയിലും ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹിയുടെ നിയമസഭയിലും വനിതകൾക്കായി സംവരണം ചെയ്ത സ്ഥാനങ്ങളുടെ റൊട്ടേഷൻ, പാർലമെന്റ് നിയമം വഴി തീരുമാനിക്കുന്ന, തുടർന്നുള്ള ഓരോ അതിർത്തിനിർണ്ണയത്തിന്റെ നിർവ്വഹണത്തിന് ശേഷവും പ്രഭാവത്തിൽ വരുന്നതാണ്.

(4) ഈ അനുച്ഛേദത്തിലെ യാതൊന്നും, അപ്പോൾ നിലവിലുള്ള ലോകസഭയുടെയോ ഒരു സംസ്ഥാനത്തിന്റെ നിയമസഭയുടെയോ ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹിയുടെ നിയമസഭയുടെയോ പിരിച്ചുവിടൽ വരെ, ലോകസഭയിലെയോ ഒരു സംസ്ഥാനത്തിന്റെ നിയമസഭയിലെയോ ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹിയുടെ നിയമസഭയിലെയോ ഏതെങ്കിലും പ്രാതിനിധ്യത്തെ ബാധിക്കുന്നതല്ല.".

ലോകസഭയിലേക്കോ ഒരു സംസ്ഥാനത്തെ നിയമസഭയിലേക്കോ ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹിയുടെ നിയമസഭയിലേക്കോ ഉള്ള സംവരണത്തെ ഭേദഗതി ബാധിക്കുന്നില്ലെന്നത്.

6. ഭരണഘടന (നൂറ്റി ആറാം ഭേദഗതി) ആക്ട്, 2023-ന്റെ പ്രാരംഭത്തിൽ നിലവിലുള്ള ലോകസഭയുടെയോ ഒരു സംസ്ഥാനത്തെ നിയമസഭയുടെയോ ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹിയുടെ നിയമസഭയുടെയോ, അതതുസംഗതിപോലെ, പിരിച്ചുവിടൽ വരെ, ലോകസഭയിലേക്കോ ഒരു സംസ്ഥാന നിയമസഭയിലേക്കോ ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹിയുടെ നിയമസഭയിലേക്കോ ഉള്ള ഏതെങ്കിലും പ്രാതിനിധ്യത്തെ ഭരണഘടനയിൽ പ്രസ്തുത ആക്ട് മുഖേന നടത്തിയ ഭേദഗതികൾ ബാധിക്കുന്നതല്ല.